പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1092. 30.11.2018 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനകേന്ദ്രങ്ങളും പാഠ്യരീതിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ .എ. നെല്ലിക്കുന്ന് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി.ഐ വിദ്യാർത്ഥികൾക്ക് വിദേശരാജ്യങ്ങളിലെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന കേന്ദ്രങ്ങളും പാഠ്യരീതിയും നേരിൽ കണ്ട് മനസ്സിലാക്കാൻ അവസരം ഒരുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | **(എ), (ബി) & (സി)** അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന കേന്ദ്രങ്ങളും പാഠ്യരീതിയും നേരിൽ കണ്ട് മനസ്സിലാക്കാൻ അവസരം ലഭിക്കുന്നതിലേക്കായി 57 വിദ്യാർത്ഥികളെ 2018 നവംബർ മാസം സിങ്കപ്പൂരിലേയ്ക്ക് അയച്ചിട്ടുണ്ട്. |
| (ബി) വിദ്യാർത്ഥികളെ പരിശീലനത്തിനായി വിദേശ രാജ്യങ്ങളിലേക്ക് അയച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | |
| (സി) എങ്കിൽ ഏതെല്ലാം രാജ്യത്തിലേക്ക് എത്ര വിദ്യാർത്ഥികളെയാണ് അയച്ചതെന്ന് വ്യക്തമാക്കാമോ; | |
| (ഡി) ഈ വിദ്യാർത്ഥികൾ ഏതെല്ലാം ഐ.ടി.ഐ കളിൽ നിന്നുള്ളവരാണെന്നും ഇവരെ തെരഞ്ഞെടുത്ത മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ; | (ഡി) ആറ്റിങ്ങൽ, ചെങ്ങന്നൂർ (വനിത), ചെങ്ങന്നൂർ. ധനുവച്ചപുരം, കൊല്ലം (വനിത), കൊല്ലം, ചാത്തന്നൂർ. ആര്യനാട്, പുറക്കാട്, അരീക്കോട്, കഴക്കൂട്ടം, മാള, കണ്ണൂർ (വനിത), കണ്ണൂർ, മാറാഞ്ചേരി, കോഴിക്കോട് (വനിത), കോഴിക്കോട്, വാണിയംകുളം, കായംകുളം. പള്ളിക്കത്തോട്, ആരക്കുഴ, കളമശ്ശേരി, കാസർഗോഡ്. ചാലക്കുടി, കല്പറ്റ, കഴൽമന്ദം, വടകര, എന്നീ 27 ഐ.ടി.ഐ.കളിൽ നിന്നുള്ളവരാണ് ഈ വിദ്യാർത്ഥികൾ. ഇന്ത്യ സ്കിൽ കേരള 2018 നടന്ന സമയത്ത് വിവിധ ഐ.ടി.ഐ.കളിൽ പരിശീലനം നടത്തുകയും ടി മത്സരങ്ങളിൽ സംസ്ഥാനതലത്തിൽ |

| | | |
|---|---|---|
| | | വിജയിക്കുകയും ചെയ്ത 10 പേരും സോണൽ തലത്തിൽ വിജയിച്ച 28 പേരും ജില്ലാതല മത്സരങ്ങളിൽ വിജയിച്ച ഐ.ടി.ഐ ട്രെയിനികളിൽ നിന്നും 2018 ജനുവരി /ഫെബ്രുവരി മാസങ്ങളിൽ നടന്ന ട്രേഡ് ടെസ്റ്റിൽ മികച്ച വിജയം കരസ്ഥമാക്കിയ 19 പേരെയുമാണ് തെരഞ്ഞെടുത്തത്. |
| (ഇ) ഈ പരിശീലനത്തിനു ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | | (ഇ) ടി പരിശീലനത്തിന് 50,00,000/- (അമ്പത് ലക്ഷം രൂപ) ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ